**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1520** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>കൈത്തറി മേഖലയുടെ ഉന്നമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീമതി ഉഷ വിജയൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കൈത്തറി കരകൗശല വ്യവസായങ്ങൾക്ക് ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഡിജിറ്റൽ പ്ലാറ്റ്ഫോം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കൈത്തറി, കരകൗശല ഉത്പന്നങ്ങൾ മികച്ച ഗുണനിലവാരവും ബ്രാൻഡിങ്ങും ഉറപ്പുവരുത്തി ആഗോളതലത്തിൽ വിറ്റഴിക്കുന്നതിന് ഡിജിറ്റൽ പ്ലാറ്റ്ഫോം നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഗുണനിലവാരവും ആധികാരികതയും ഉറപ്പുനൽകുന്നതിനുള്ള 'കേരള മാർക്ക് സർട്ടിഫിക്കേഷൻ' ഏർപ്പെടുത്തുന്നതിനും അതിലൂടെ ആഭ്യന്തര – അന്തർദേശീയ വിപണികളിൽ ഉത്പന്നങ്ങൾക്ക് മികച്ച വിപണന സാധ്യത ഉറപ്പാക്കുന്നതിനും സാധിക്കും. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾ കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുക, അവയുടെ ബ്രാൻഡ് മൂല്യം വർദ്ധിപ്പിക്കുക എന്നിവ മുഖ്യലക്ഷ്യമാക്കി Kshoppe.in എന്ന പൊതു ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം നിലവിലുണ്ട്. ഹാന്റക്സ്, ഹാൻവീവ്, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള കരകൗശല വികസന കോർപ്പറേഷൻ എന്നിവർ ഈ പ്ലാറ്റ്ഫോം ഉപയോഗിച്ച് വരുന്നു.

ഹാൻവീവ് സ്വന്തം പോർട്ടലിലൂടെയും ഓൺലൈൻ വിൽപന നടത്തുന്നുണ്ട്.

Open Network for Digital E-Commerce (ONDC) പ്ലാറ്റ്ഫോം "Seller app" Amazon, Flipkart എന്നിവിടങ്ങളിലൂടെയുള്ള ഉൽപ്പന്നവിൽപനയ്ക്കായുള്ള നടപടികൾ ഹാന്റക്സ് സ്വീകരിച്ച് വരുന്നു. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന് ഉൽപന്ന വിൽപനയ്ക്കായി ONDC പ്ലാറ്റ്ഫോമിലും പങ്കാളിത്തമുണ്ട്.

**(ബി)** കൈത്തറി മേഖലയിൽ നൂതന യന്ത്രസാമഗ്രികൾ ലഭ്യമാക്കുന്നതിനും തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നെയ്ത്തു പോലുള്ള കഠിനമായ തൊഴിൽ മേഖലയിൽ ജോലി ചെയ്തു വരുന്ന തൊഴിലാളികളുടെ ജോലി അനായാസകരമാക്കുന്നതിന് 'തറികളെ നവീകരിച്ച്' നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഗവേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT) ചെന്നൈ-

യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

കൈത്തറി മേഖലയെ നവീകരിക്കുക എന്ന ലക്ഷ്യത്തോടെ കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. തറികളുടെ റിപ്പയറിംഗ്, ടെക്നോളജി അപ്ഗ്രഡേഷൻ, വർക്ക്ഷെഡ് നവീകരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പ്രീലൂം പ്രോസസ്സിംഗ്, നെയ്ത്ത്, ചായം ചേർക്കലും പ്രിന്റിംഗും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനം, അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ, വർക്ക്ഷെഡുകളുടേയും പൊതു സൗകര്യ കേന്ദ്രങ്ങളുടേയും നവീകരണം എന്നീ മേഖലകളിലാണ് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്.

**(സി)** കടുത്ത പ്രതിസന്ധി നേരിടുന്ന കൈത്തറി മേഖലയുടെ ഉന്നമനത്തിനും തൊഴിലാളികളുടെ ക്ഷേമത്തിനുമായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കൈത്തറി മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി നിലവിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം.

2. സർക്കാർ ഓഹരി പങ്കാളിത്തം (ഹാന്റക്സ്)

3. സർക്കാർ ഓഹരി പങ്കാളിത്തം (ഹാൻ വീവ്)

4. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.

5. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

6. യുവ വീവ് പദ്ധതി.

7. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രചോദന പരിപാടി.

8. കൈത്തറി ഗ്രാമത്തിന്റേയും സമഗ്ര കൈത്തറി ഗ്രാമത്തിന്റേയും സ്ഥാപനം.

9. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.

10. വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി.

11. കൈത്തറി സംഘങ്ങളുടെ ആധുനികവത്ക്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനവും.

12. പരിശീലന വൈദഗ്ധ്യ വികസന പരിപാടി.

13. നാട്ടുകാണി ടെക്സ്റ്റൈൽ പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കൽ.

14. കാഞ്ഞിരോട് കൈത്തറി ഗ്രാമം / ഹാന്റ്ലൂം വില്ലേജ്.

15. ദേശീയ കൈത്തറി വികസന പദ്ധതി.

16. കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി.

17. പ്രീമിയം ഉൽപ്പന്നങ്ങൾക്കുള്ള ഉൽപ്പന്ന വികസന സഹായം.

18. ഹാന്റക്സ് പുനരുജ്ജീവന പാക്കേജ്.

19. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി.

ഇപ്രകാരമുള്ള തുടർ പദ്ധതികൾക്കൊപ്പം ആഗോള ടെക്സ്റ്റൈൽ മേഖലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് "ടെക്സ്റ്റൈൽ വ്യവസായത്തിന്റെ നവീകരണം " എന്ന പേരിൽ ഒരു പുതിയ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംയോജിത വസ്ത്ര ക്ലസ്റ്ററുകളുടെ വികസനവും മറ്റും വഴി സംസ്ഥാനത്തെ മൂല്യവർധിത തുണിത്തരങ്ങളുടേയും വസ്ത്രങ്ങളുടേയും നിർമ്മാണ കേന്ദ്രമാക്കുക, ഉൽപന്ന വിപണനത്തിനായി "മെയ്ഡ് ഇൻ കേരള" ബ്രാൻഡ് എന്നിവ ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

**സെക്ഷൻ ഓഫീസർ**